## SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

### Confirmed Minutes of the 04/24 (217th) Meeting of the Syndicate held on 14.05.2024 at 11.00 a.m at University Head Quarters, Kalady

**Members Present:**

1. പ്രൊഫ.ഡോ. കെ.കെ. ഗീതാകുമാരി,
   വൈസ് ചാൻസലർ, അദ്ധ്യക്ഷ - ഒപ്പ്
2. പ്രൊഫ. എസ്. മോഹൻദാസ് , സിൻഡിക്കേറ്റംഗം - ഒപ്പ്
3. ഡോ. ബിച്ചു എക്സ് മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
5. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. രാമൻകുട്ടി പി.വി., സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. ടോമി ജോസഫ്, സിൻഡിക്കേറ്റംഗം - ഒപ്പ്
8. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
10. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഓൺലൈൻ
11. ഡോ. ശിവദാസൻ പി, സിൻഡിക്കേറ്റംഗം - ഓൺലൈൻ
12. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഓൺലൈൻ

കൂടാതെ ഡോ. സുനിത ഗോപാലകൃഷ്ണൻ (പ്രൊഫസർ ഇൻ ചാർജ് ഓഫ് രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

12.04.2024-ാം തീയതിയിലെ 216-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ഡോ. കെ. മുത്തുലക്ഷ്മിയെ 25.03.2024 തീയതിയിൽ പ്രോ വൈസ് ചാൻസലർ സ്ഥാനത്ത് നിന്ന് വിടുതൽ ചെയ്ത് വേദാന്ത വിഭാഗം പ്രൊഫസർ ആയി തിരികെ പ്രവേശിപ്പിക്കാൻ അനുമതി നൽകിയ സാഹചര്യത്തിൽ മലയാള വിഭാഗം സീനിയർ പ്രൊഫസർ ഡോ. വി. ലിസ്സി മാത്യുവിന് പരീക്ഷയുടെ ചുമതല മാത്രം നൽകിക്കൊണ്ട് 12.04.2024 ൽ ഉത്തരവാകുകയും ചെയ്തു.
2. തിരൂർ പ്രാദേശിക കേന്ദ്രത്തിൽവച്ച് നടന്ന മലയാള വിഭാഗം പ്രൊഫസർ ഡോ. പി. പവിത്രന്റെ യാത്രയയപ്പ് സമ്മേളനം 2024 ഏപ്രിൽ 18 ന് വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു.
3. 22.04.2024 ന് ഹിന്ദി വിഭാഗം പ്രൊഫസർ ഡോ. സുനിത ഗോപാലകൃഷ്ണൻ രജിസ്ട്രാർ ഇൻ ചാർജ്ജായി ചുമതല ഏറ്റെടുത്തു.
4. 2024 ഫെബ്രുവരി, ഏപ്രിൽ, മെയ് മാസങ്ങളിൽ വിരമിച്ച/വിരമിക്കുന്ന ഫിലോസഫി വിഭാഗം പ്രൊഫസർ, ഡോ. എബി കോശി, മലയാള വിഭാഗത്തിലെ പ്രൊഫസർ ഡോ. പവിത്രൻ പി, അസോസിയേറ്റ്

പ്രൊഫസർമാരായ ഡോ. ഷീജ ആർ.എസ്, ഡോ. രഘുകുമാർ ജി, അസിസ്റ്റന്റ് പ്രൊഫസർ ഡോ. ടോണി കെ. റാഫേൽ, വേദാന്ത വിഭാഗം പ്രൊഫസർ ഡോ. മുത്തുലക്ഷ്മി കെ, ഹിന്ദി വിഭാഗം പ്രൊഫസർ ഡോ. ഗീതക്കുഞ്ഞമ്മ സി, പെയിന്റിംഗ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ശ്രീ. ബാബു കെ, ലക്ച്ചറർ (നോൺ യു.ജി.സി) ശ്രീ. ശ്രീഗോപൻ ബി.എസ് എന്നിവർക്കുള്ള യാത്രയയപ്പ് സമ്മേളനം 29.04.2024 ന് ബഹു. വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ സർവകലാശാല ആസ്ഥാനത്ത് വച്ച് നടത്തി.

5. സംസ്കൃത സർവകലാശാലയിലെ വിവിധ വിഷയങ്ങളുടെ അധ്യാപനത്തിനും ഗവേഷണത്തിനും അതുമായി ബന്ധപ്പെട്ട സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും ആയി ഹൈദരാബാദ് യൂണിവേഴ്സിറ്റിയും സംസ്കൃത സർവകലാശാലയും തമ്മിൽ ഒരു ധാരണാപത്രം ഹൈദരാബാദ് സർവകലാശാലയിൽ വച്ച് രണ്ട് സർവകലാശാലകളിലേയും വൈസ് ചാൻസലർമാരുടെ സാന്നിധ്യത്തിൽ മെയ് 10 - ാം തീയതി ഒപ്പുവച്ചു. ഹൈദരാബാദ് സർവകലാശാലയിലെ വിദ്യാർത്ഥികൾക്കായി ശാസ്ത്ര സംവർദ്ധിനിയിലും അക്കാദമിക് റൈറ്റിംഗിലും പരിശീലനം നൽകുന്നതിനും ധാരണയായിട്ടുണ്ട്.
6. എസ്.എസ്.യു.എസ് സെന്റർ ഫോർ ഓൺലൈൻ സ്റ്റഡീസ് (SCOL) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസുമായി സഹകരിച്ച് നടത്തുന്ന സാൻസ്ക്രിറ്റ് ഫോർ സ്പെഷ്യൽ പർപ്പസ് - ആയുർവേദ കോഴ്സ് ആരംഭിച്ചു. ബേസിക് സാൻസ്ക്രിറ്റ് ഇൻ മലയാളം എന്ന ഒരു കോഴ്സും SCOL ന്റെ കീഴിൽ തുടങ്ങാൻ തീരുമാനമായിട്ടുണ്ട്. ഈ രണ്ട് കോഴ്സുകളുടേയും ഔപചാരികമായ ഉദ്ഘാടനം 15.05.2024 ന് ന്യൂഡൽഹിയിലെ കൺസോർഷ്യം ഫോർ എഡ്യൂക്കേഷണൽ കമ്മ്യൂണിക്കേഷന്റെ ഡയറക്ടറായ പ്രൊഫസർ ജഗത് ഭൂഷൺ നദ്ദ നിർവഹിക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്യുന്നു.
7. സർവകലാശാലയിലെ ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രത്തിന്റെ കീഴിൽ സെമിനാറും വെബിനാറും ഇക്കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## Item No. 2

Award of Ph.D Degree

a) Smt. Indulekha K S in Malayalam [No. EA/PhD/778/SSUS/2023(1)]
b) Smt. Chitra S in Sanskrit Vyakarana [No. EA/PhD/790/SSUS/2023]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis and the Standing Committee on Examination held on 02.05.2024, it is resolved to award Ph.D to the following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| 1 | Smt. Indulekha K S | Faculty of Indian Languages | 21.03.2024 |
| 2 | Smt. Chitra S | Faculty of Sanskrit Grammar | 26.03.2024 |

a) Smt. Indulekha K.S. in Malayalam under the Faculty of Indian Languages for the Ph.D thesis titled **"ശില്പകലയും സംസ്കാരചരിത്രവും : കേരളത്തിലെ മാതൃകകൾ മുൻനിർത്തിയുള്ള പഠനം",** under the guidance of Dr. Sunil P. Elayidom, Professor, Department of Malayalam, SSUS, Kalady.

b) Smt. Chitra S. in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **"Mallinathasya Mahakavya Vyakhyanesu Vyakarana Vaisistyam",** under the guidance of Dr. M.V. Natesan, Professor (Rtd.), Department of Sanskrit Vyakarana, SSUS, Kalady.

**Item No. 3**

ഗ്രേസ് മാർക്ക് അനുവദിച്ച കോഴ്സ് കോഡിലേയ്ക്ക് വീണ്ടും ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന അപേക്ഷയുമായി ബന്ധപ്പെട്ട്. (No. 02313/SSC1/ SSUS/2023(1))

02.05.2024 തീയതിയിലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഗ്രേസ് മാർക്ക് അനുവദിച്ച കോഴ്സ് കോഡിലേയ്ക്ക് വീണ്ടും ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന തിരൂർ പ്രാദേശിക കേന്ദ്രം ബി.എ. സംസ്കൃതം വ്യാകരണം വിഭാഗം 2020 അഡ്മിഷൻ വിദ്യാർത്ഥിനി ദേവിക മഹേഷ് വി.വി.-യുടെ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**Item No.4**

എം.എഫ്.എ വിദ്യാർത്ഥിനി ശ്രീലക്ഷ്മി വി.എസ് (22KA10PA15)-ന് മൂന്നാം സെമസ്റ്ററിലേക്ക് പുന:പ്രവേശനം അനുവദിക്കുന്നത് സംബന്ധിച്ച്. (No. 00826/ACDB2/SSUS/2024(2)

02.05.2024 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് കാലടി മുഖ്യകേന്ദ്രം 2022 അഡ്മിഷൻ എം.എഫ്.എ വിദ്യാർത്ഥിനി ശ്രീലക്ഷ്മി വി.എസ് (22KA10PA15) -ന് 2023 ബാച്ച് എം.എഫ്.എ മ്യൂറൽ പെയിന്റിംഗ് വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്ററിലേക്ക് പുന:പ്രവേശനം അനുവദിക്കാൻ തീരുമാനിച്ചു.

**Item No.5**

തുറവൂർ പ്രാദേശിക കേന്ദ്രം - ഡോ. പ്രമീള എ.കെ സമർപ്പിച്ച പരാതി - അന്വേഷണ റിപ്പോർട്ടിന് ഡോ. കിരൺ എ.യു സമർപ്പിച്ച മറുപടി - തുടർ നടപടികൾ തീരുമാനിക്കുന്നതിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. Ad.A1/9736/SSUS/2022)

രണ്ട് അന്വേഷണ കമ്മീഷനുകളും കുറ്റക്കാരനാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ തുറവൂർ പ്രാദേശിക കേന്ദ്രം, സംസ്കൃത സാഹിത്യ വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. പ്രമീള എ.കെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സംസ്കൃതം സാഹിത്യ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. കിരൺ എ.യു വിനെ Censure ചെയ്യാൻ തീരുമാനിച്ചു.

## Item No.6

ഐ.സി.സി യുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ നിഷേധിച്ചുകൊണ്ട് കൊയിലാണ്ടി പ്രാദേശിക കേന്ദ്രം മലയാളം വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. എ.എസ്. പ്രതീഷ് സമർപ്പിച്ചിരിക്കുന്ന മറുപടി സംബന്ധിച്ച്. (No. 00057/ADA3/SSUS/2022(1))

ഡോ. എ.എസ്. പ്രതീഷിന്റെ 02.02.2024 ലെ മറുപടിയും ഐ.സി യുടെ റിപ്പോർട്ടും വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No.7

കെൽട്രോണിന് ബാങ്ക് ഗ്യാരണ്ടി തിരിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട ലീഗൽ ഒപ്പീനിയൻ സംബന്ധിച്ച്. (No. IT1/2607/SSUS/2014)

06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസിൽ നൽകിയ ലീഗൽ ഒപ്പീനിയൻ പരിഗണിക്കുന്നതിനും അതു പ്രകാരം സർവ്വകലാശാലയിലെ ലാൻ, വൈഫൈ, ഡാറ്റാ സെന്റർ എന്നീ സൗകര്യങ്ങൾ ഒരുക്കിയ M/s. KELTRON സമർപ്പിച്ച Rs. 20,56,000/- (ഇരുപത് ലക്ഷത്തി അമ്പത്തിയാറായിരം രൂപ മാത്രം) രൂപയുടെ ബാങ്ക് ഗ്യാരണ്ടി indemnity bond വാങ്ങി ടി സ്ഥാപനത്തിന് തിരികെ നൽകുന്നതിന് തീരുമാനിച്ചു.

**Item No.8**

സർവകലാശാല എഞ്ചിനീയറുടെ ഫുൾ അഡീഷണൽ ചാർജ്ജ് വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ബെറ്റി വർഗ്ഗീസ് കെ. യ്ക്ക് വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സെക്ഷൻ ഓഫീസർമാരുടെ അധിക ചുമതല വഹിക്കുന്ന അസിസ്റ്റന്റ് സെക്ഷൻ ഓഫീസർമാർക്ക് അനുവദിക്കുന്നത് പോലെ അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച്. (No.00906/ADC1/SSUS/2023(1))

06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാല എഞ്ചിനീയറുടെ ഫുൾ അഡീഷണൽ ചാർജ്ജ് വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ബെറ്റി വർഗ്ഗീസ് കെ. യ്ക്ക് മുൻകാല പ്രാബല്യമില്ലാതെ പ്രതിമാസം 2500/- രൂപ അധിക വേതനം അനുവദിക്കുന്നതിന് തീരുമാനിച്ചു.

**Item No.9**

2023-24 ക്യാമ്പസ് യൂണിയൻ ഉദ്ഘാടന പ്രവർത്തനം ബജറ്റ് വിഹിതത്തിൽ തുക റീ അപ്രോപ്രിയേറ്റ് ചെയ്യുന്നത് സംബന്ധിച്ച്. (No.00696/SSC2/ SSUS/2024(2))

2023-24 ക്യാമ്പസ് യൂണിയൻ ഉദ്ഘാടന പ്രവർത്തനങ്ങൾക്കായി 15,000/- രൂപ റീ അപ്രോപ്രിയേറ്റ് ചെയ്യുന്നതിന് അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No.10**

സർവകലാശാലയുടെ ഫീസ് കളക്ഷനുകളും മറ്റും ഓൺലൈൻ സംവിധാനം വഴി സ്വീകരിക്കുന്നത് - പുതിയ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്. (No. 02511/ACCTS1/SSUS/2023(1))

06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാലയുടെ ഫീസ് കളക്ഷനുകളും മറ്റും ഓൺലൈൻ സംവിധാനം വഴി സ്വീകരിക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പരിഗണിക്കാൻ തീരുമാനിച്ചു.

**Item No.11**

Board of Studies/ Faculty – അംഗങ്ങൾക്ക് നൽകുന്ന സിറ്റിംഗ് ഫീ - സംബന്ധിച്ച്. (No. 00962/ACDB3/SSUS/2024(1))

06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് Board of Studies/ Faculty എന്നീ യോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് (സർവ്വകലാശാലയ്ക്ക് പുറമെ നിന്നുള്ളവർ, സർവ്വകലാശാലയിലെ റിട്ടയേർഡ് അദ്ധ്യാപകർ) ഓൺലൈൻ / ഓഫ്‌ലൈൻ വിവേചനം ഇല്ലാതെ സിറ്റിംഗ് ഫീസായി 1000/- രൂപ നൽകാൻ തീരുമാനിച്ചു.

**Item No.12**

റിസർച്ച് അഡ്വൈസറി കമ്മിറ്റിയിൽ പങ്കെടുക്കുന്ന പുറമെ നിന്നുള്ള വിഷയ വിദഗ്ധന് പ്രതിഫലം അനുവദിക്കുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്. (No. 01257/ACDA1/SSUS/2024(1))

06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് റിസർച്ച് അഡ്വൈസറി/ഡോക്ടറൽ കമ്മിറ്റി എന്നിവയിൽ പങ്കെടുക്കുന്ന പുറമെ നിന്നുള്ള വിഷയ വിദഗ്ധന് (External Subject Expert) ഒന്നിൽ കൂടുതൽ RAC കളിൽ പങ്കെടുക്കേണ്ടി വന്നാലും TA/DA യ്ക്ക് പുറമെ പ്രതിദിനം 2,000/- രൂപ മാത്രം പ്രതിഫലമായി അനുവദിക്കാൻ തീരുമാനിച്ചു.

**Item No.13**

2023-2024 അധ്യയനവർഷത്തെ മെറിറ്റ് സ്കോളർഷിപ്പ് അനുവദിക്കുന്നത് സംബന്ധിച്ച്. (No. 00113/ACDC2/SSUS/2024(1))

06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2023-2024 അധ്യയനവർഷത്തിൽ പ്രവേശനം ലഭിച്ച അർഹതപ്പെട്ട 234 വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പ് അനുവദിക്കാൻ തീരുമാനിച്ചു.

**Item No.14**

2019-20, 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചാർജ് അടക്കുന്നത് സംബന്ധിച്ച്. (No. 00430/IA2/SSUS/2024(1))

06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2019-20, 2020-21 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് ചാർജ്ജ് ഇനത്തിലുള്ള ആകെ തുകയായ 6,59,572/- രൂപ അടയ്ക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

**Item No.15**

സർവകലാശാലയിലെ എം.എസ്.ഡബ്ല്യൂ വിഭാഗം ട്രാൻസ് ജെന്റർ വിദ്യാർ ത്ഥിയായ ഋതിഷ ഋതുവിനെ (സൗരവ് സോമൻ) നാലാം സെമസ്റ്ററിൽ അടക്കേണ്ട ട്യൂഷൻ ഫീ, പരീക്ഷ ഫീ, സ്പെഷ്യൽ ഫീ, ഹോസ്റ്റൽ വാടക എന്നിവയിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച്. (No. 02882/SSC1/SSUS/2023(1))

06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം തീരുമാനിച്ചു.

1. സർവകലാശാലയിലെ എം.എസ്.ഡബ്ല്യൂ വിഭാഗം ട്രാൻസ് ജെന്റർ വിദ്യാർത്ഥിയായ ഋതിഷ ഋതുവിനെ (സൗരവ് സോമൻ) നാലാം സെമസ്റ്ററിൽ അടക്കേണ്ട ട്യൂഷൻ ഫീ, പരീക്ഷ ഫീ, സ്പെഷ്യൽ ഫീ, ഹോസ്റ്റൽ വാടക എന്നിവയിൽ നിന്നും ഒഴിവാക്കുക.
2. Gender Non Confirming Person (GNCP)/Transgender വിദ്യാർത്ഥികൾക്ക് RJSWF ൽ നിന്നും മാസംതോറും ഒരു നിശ്ചിത തുക അനുവദിക്കുന്നത് സംബന്ധിച്ച് പിന്നീട് പരിഗണിക്കുക.

**<u>Item No.16</u>**

സർവകലാശാല ജലശുദ്ധീകരണ പ്ലാന്റിലെ ഫിൽറ്റർ മീഡിയ റീഫിൽ ചെയ്യുന്നത് സംബന്ധിച്ച്. (No. 00586/ENGG1/SSUS/2024)

02.05.2024 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ്, 06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് എന്നീ സ്ഥിരം സമിതികളുടെ ശിപാർശ പരിഗണിച്ച് സർവ്വകലാശാലയിലെ ജലശുദ്ധീകരണ പ്ലാന്റിൽ ഫിൽറ്റൽ മീഡിയ റീഫീൽ ചെയ്യുന്നതിന് GST ഉൾപ്പെടെ 2,00,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകുന്നതിനും, പ്രസ്തുത മേഖലയിൽ പ്രാവീണ്യമുള്ള ഏജൻസികളിൽ നിന്നും പ്രാദേശിക കൊട്ടേഷനുകൾ സ്വീകരിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനും സാങ്കേതിക അനുമതി നൽകുന്നതിന് സർവ്വകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**<u>Item No.17</u>**

സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സെൻട്രലൈസ്ഡ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. (No. Eng/8675/SSUS/2022)

02.05.2024 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ്, 06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് എന്നീ സ്ഥിരം സമിതികളുടെ ശിപാർശ പരിഗണിച്ച് സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സെൻട്രലൈസ്ഡ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്ന പ്രവൃത്തി M/s. Archimatrix India Associates തയ്യാറാക്കിയ DPR ഉം പരിശോധിച്ച്  സർവ്വകലാശാല മുഖ്യകേന്ദ്രത്തിലെ സെൻട്രലൈസ്ഡ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് പ്രവൃത്തികൾക്കായുള്ള 71,50,000/- രൂപയുടെ എസ്റ്റിമേറ്റ് (ജി.എസ്.ടിയും കൺസൾട്ടൻസി ചാർജ്ജും ഉൾപ്പടെ)അംഗീകരിച്ച് ഭരണാനുമതി  നൽകുന്നതിനും സാങ്കേതികാനുമതി നൽകുവാൻ സർവ്വകലാശാല എഞ്ചിനീയറുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിനും ഇ-ദർഘാസുകൾ ക്ഷണിച്ച് പ്രസ്തുത മേഖലയിൽ പ്രാവീണ്യമുള്ള കരാറുകൾ/സ്ഥാപനങ്ങൾ മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതിനും തീരുമാനിച്ചു.

**Item No.18**

സർവകലാശാല മുഖ്യ കേന്ദ്രത്തിലേയും പ്രാദേശിക കേന്ദ്രങ്ങളിലേയും കെട്ടിടങ്ങളിലേയ്ക്ക് Fire Extinguishers വാങ്ങുന്നത് - സംബന്ധിച്ച്. (No. Est3/4349/SSUS/2022)

06-07-2023 ൽ നടന്ന ടെക്നിക്കൽ കമ്മിറ്റിയുടെയും 02.05.2024 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ്, 06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് എന്നീ സ്ഥിരം സമിതികളുടെയും ശിപാർശ പരിഗണിച്ച് അസിസ്റ്റൻറ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) സമർപ്പിച്ച സ്പെസിഫിക്കേഷൻ, എസ്റ്റിമേറ്റ് എന്നിവ അംഗീകരിച്ച് 4,89,300/- രൂപ വിലമതിക്കുന്ന 233 Fire Extinguishers വാങ്ങുന്നതിന് തീരുമാനിച്ചു.

**Item No.19**

SSUS സെന്റർ ഫോർ അക്കാഡമിക് റൈറ്റിംഗ് (SCAW) – ന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രൊജക്റ്റ് ഫെലോ/കോർഡിനേറ്ററെ നിയമിക്കുന്നതിന് നിലവിൽ അംഗീകരിച്ചിട്ടുള്ള വേതനം വർദ്ധിപ്പിക്കണമെന്ന SCAW കോർഡിനേറ്ററുടെ അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്. (No. 00231/IQAC2/SSUS/2024(1))

06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് SSUS സെന്റർ ഫോർ അക്കാഡമിക് റൈറ്റിംഗ് (SCAW) ന്റെ പ്രവർത്തനങ്ങൾക്കായി നിയമിക്കുന്ന പ്രൊജക്റ്റ് ഫെല്ലോ/കോ-ഓർഡിനേറ്റർക്ക് പ്രതിമാസ വേതനം 65,000/- രൂപയായി വർദ്ധിപ്പിക്കണമെന്ന SCAW കോ-ഓർഡിനേറ്ററുടെ ശുപാർശ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**Item No.20**

അൽ അമീൻ കോളേജ് (എടത്തല, ആലുവ) യുമായി സഹകരിച്ച് വിവർത്തനത്തിലുള്ള പ്രായോഗിക പരിജ്ഞാനം ലഭിക്കുന്ന 30 മണിക്കൂറുള്ള ഒരു സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നത് - പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 00509/ACDB1/SSUS/2024(1))

06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് അൽ അമീൻ കോളേജ് (എടത്തല, ആലുവ) യുമായി സഹകരിച്ച് വിവർത്തനത്തിലുള്ള പ്രായോഗിക പരിജ്ഞാനം ലഭിക്കുന്ന 30 മണിക്കൂറുള്ള ഒരു സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നതിന് ഡോ. സജിത കെ.ആർ. സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

## Item No.21

തെറ്റായി അടയ്ക്കുന്ന ഫീ തിരികെ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്. (No. 00503/ACDC2/SSUS/2024(1))

08.04.2024 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 06.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച്, തെറ്റായി അടയ്ക്കുന്ന ഫീ തിരികെ നൽകുന്നത് സംബന്ധിച്ച് ഫിനാൻസ് ഓഫീസർ സമർപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No.22

ഓഫീസ് അറ്റൻഡന്റ് ശ്രീ. തമ്പി എൻ എം -ന് 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ചത് സംബന്ധിച്ച്. (No. 01052/ADB3/ SSUS/2024(2))

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No.23

സർവകലാശാല അസിസ്റ്റന്റ് ആയ ശ്രീ. മഹേഷ് എം സമർപ്പിച്ച പരാതി സംബന്ധിച്ച്. (No. Ad.B/11016/SSUS/2017)

സർവകലാശാല അസിസ്റ്റന്റ് ആയ ശ്രീ. മഹേഷ് എം സമർപ്പിച്ച പരാതി സംബന്ധിച്ച് പരിശോധിക്കുന്നതിന് 199-ാമത് സിൻഡിക്കേറ്റ് തീരുമാന പ്രകാരം രൂപീകരിച്ച സിൻഡിക്കേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിക്കാനും ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഷാജികുമാർ ഡി (സെക്ഷൻ ഓഫീസർ), ശ്രീമതി. സി.എസ്. പത്മിനി(സെക്ഷൻ ഓഫീസർ), ശ്രീ. രാജേഷ് ടി.വി.

(സീനിയർ ഗ്രേഡ് അസിസ്റ്റന്റ്), ശ്രീ. ഷാരോൺ കെ. മീരാൻ (അസിസ്റ്റന്റ്) എന്നിവർക്ക് ശക്തമായ താക്കീത് നൽകുവാനും തീരുമാനിച്ചു.

**Item No.24**

യു ജി പ്രോഗ്രാമുകൾക്ക് 2024 പ്രവേശനം മുതൽ പരിഷ്കരിച്ച പുതിയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച്. (No.02289/SOACDC/SSUS/2023(1))

അക്കാദമിക് & റിസർച്ച് കമ്മറ്റിയുടെ പരിഗണനക്ക് വിടാൻ തീരുമാനിച്ചു.

**Item No.25**

ഫിലോസഫി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആർ. ഷർമിളയുടെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സവാദങ്ങൾക്ക് മറുപടിയായി സർവകലാശാല സ്വീകരിച്ച നടപടികൾ രാജ് ഭവനെ അറിയിച്ചത് സംബന്ധിച്ച്. (No. 01008/LEG1/SSUS/2024)

റിപ്പോർട്ട് ശ്രദ്ധിച്ചു.

**Item No.26**

അദാലത്തിൽ ഉൾപ്പെടുത്തി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി പ്രബന്ധ സമർപ്പണത്തിനുള്ള ഗവേഷകർ കോഴ്സ് വർക്ക് ചെയ്യേണ്ടതുണ്ടെങ്കിൽ അങ്ങനെയുള്ളവർക്ക് കോഴ്സ് വർക്ക് ചെയ്യുന്നതിനായി ഒരു പ്രത്യേക ബാച്ച് മൺസൂൺ സെമസ്റ്ററിൽ ആരംഭിക്കുന്നത് സംബന്ധിച്ച്. (No. 00171/ACDA3/SSUS/2024(1))

16.03.2024 തീയതിയിലെ അക്കാദമിക് അദാലത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അദാലത്തിൽ ഉൾപ്പെടുത്തി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി പ്രബന്ധ സമർപ്പണത്തിനുള്ള ഗവേഷകർ കോഴ്സ് വർക്ക് ചെയ്യേണ്ടതു

ണ്ടെങ്കിൽ അങ്ങനെയുള്ളവർക്ക് കോഴ്സ് വർക്ക് ചെയ്യുന്നതിനായി ഒരു പ്രത്യേക ബാച്ച് മൺസൂൺ സെമസ്റ്ററിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

കൂടാതെ 2015 റഗുലേഷൻ ബാധകമായ 2015, 2016, 2017 വർഷങ്ങളിൽ രജിസ്ട്രേഷൻ നേടിയ ഗവേഷകർക്ക് പ്രബന്ധ സമർപ്പണത്തിന് 6 മാസം കൂടി കാലാവധി ദീർഘിപ്പിച്ചു നൽകാനും തീരുമാനിച്ചു.

**Item No.27**

കേരള സാഹിത്യ അക്കാദമി ലൈബ്രറി ഗവേഷണ കേന്ദ്രം - ഉടമ്പടി ഒപ്പ് വയ്ക്കുന്നത് സംബന്ധിച്ച്. (No. 00578/ACDA2/SSUS/2022(1))

അക്കാദമിക് & റിസർച്ച് കമ്മറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

## ADDITIONAL AGENDA

**Item No.1**

ഗ്രേസ് ഗ്രേഡ്/പോയന്റ്സ്/മാർക്ക് നിയമാവലി പരിഷ്കരിക്കുന്നത് സംബന്ധിച്ച്. (No. SSC/19406/SSUS/2019(1))

08.05.2024 തീയതിയിലെ സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 15.11.2023, 14.12.2023 തീയതികളിൽ കൂടിയ ഗ്രേസ് ഗ്രേഡ് പരിഷ്കരണ കമ്മിറ്റിയുടെ നടപടിചുരുക്കങ്ങൾ അംഗീകരിക്കാനും പ്രസ്തുത നിർദ്ദേശങ്ങൾ നിലവിലെ നിയമാവലിയിൽ ഉൾക്കൊള്ളിച്ചുകൊണ്ട് നിയമാവലി പരിഷ്കരിക്കുന്നതിനും തീരുമാനിച്ചു.

**Item No.2**

ഫിലോസഫി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആർ. ഷർമിള വകുപ്പിൽ ഹാജരാകാതിരുന്ന കാലയളവ് ശൂന്യ വേതന അവധിയായി ക്രമീകരിക്കുന്നത് സംബന്ധിച്ച്. (No. Ad.A3/18454/SSUS/2019)

08.05.2024 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഫിലോസഫി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആർ. ഷർമിള വകുപ്പിൽ ഹാജരാകാതിരുന്ന കാലയളവ് ശൂന്യ വേതന അവധിയായി ക്രമീകരിക്കുന്നത് സംബന്ധിച്ച് താഴെ പറയും പ്രകാരം തീരുമാനിച്ചു.

1. 22.06.2021 മുതൽ 25.07.2021 വരെ വകുപ്പിൽ ഹാജരാകാതിരുന്ന കാലയളവ് ശൂന്യവേതന അവധിയായി ക്രമീകരിക്കുക.
2. മെഡിക്കൽ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 15.01.2024 ലെ ജോയിനിംഗ് റിപ്പോർട്ട് ഉൾപ്പെടെ ഡോ. ആർ ഷർമിള പരിവർത്തിത അവധിയ്ക്ക് അപേക്ഷ സമർപ്പി ച്ചിട്ടുള്ള 18.12.2023 മുതൽ 12.01.2024 വരെയുള്ള കാലയളവ് ശൂന്യ വേതന അവധിയായി ക്രമീകരിക്കുക.
3. 11.03.2024 ലെ ജോയിനിങ്ങ് റിപ്പോർട്ട് ഉൾപ്പെടെ 20.02.2024 മുതൽ 07.03.2024 വരെ ഡോ. ആർ. ഷർമിള മെഡിക്കൽ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരിവർത്തിത അവധിയ്ക്ക് അപേക്ഷിച്ചിട്ടുള്ള കാലയളവ് ശൂന്യവേതന അവധിയായി ക്രമീകരിക്കുക.
4. ഡോ. താരിഖ് ഹുസൈൻ കെ.എ. സമർപ്പിച്ച റിട്ട് പെറ്റീഷനിൽ അന്തിമ തീർപ്പ് കൽപ്പിക്കും വരെ, ഭാവിയിൽ ഡോ. ആർ. ഷർമിള സമർ പ്പിക്കാനിടയുള്ള കാഷ്വൽ ലീവ് ഒഴികെയുള്ള എല്ലാ അവധികളും ശൂന്യ വേതന അവധിയായി പരിഗണിക്കുക.

**Item No.3**

Procedure for disciplinary action in case of Teachers – Amendment of Statutes – reg. (No. 01007/LEG1/SSUS/2024)

Considering the Recommendations of Staff & Legal Committee on 08.05.2024, the Syndicate recommended to amend the SSUS Statutes 1997

under Chapter III, to incorporate Statute 19. to read as **Statute 19 Disciplinary Procedure.-**

Statute 19. Disciplinary Procedure.- The provisions relating to disciplinary procedure contained in Part III of Chapter IV shall, mutatis mutandis apply in the case of disciplinary action against the teachers of the University:

Provided that the Syndicate shall be the disciplinary authority for imposing penalities on teachers of the University.

**Item No.4**

a) സർവ്വകലാശാലയിലെ അധികമായി കണ്ടെത്തിയ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ പുനർവിന്യാസം ചെയ്തു ഭരണ നിർവഹണത്തിനു അത്യാവശ്യമുള്ള മറ്റു തസ്തികകളാക്കി മാറ്റുന്നത് സംബന്ധിച്ച്. (No. 00209/ADB3/SSUS/2024(1))

&

b) അധികമായി കണ്ടെത്തിയ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ മറ്റ് തസ്തികകളായി കൺവേർട്ട് ചെയ്യുമ്പോൾ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തിക ഉൾപ്പെടുത്തണമെന്ന അപേക്ഷ സംബന്ധിച്ച്. (No. 00209/ADB3/SSUS/2024)

08.05.2024 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 213-ാമത് സിൻഡിക്കേറ്റ് തീരുമാന പ്രകാരം പരിവർത്തനം ചെയ്യപ്പെടേണ്ട തസ്തികകളിൽ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തിക ഒഴിവാക്കി പകരം തസ്തിക നിർദ്ദേശിക്കാനുള്ള തീരുമാനം പുന:പരിശോധിക്കുന്നതിനും ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റ തസ്തികയായ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തിക 2 എണ്ണം തന്നെ ഉൾപ്പെടുത്തി അധിക സാമ്പത്തിക ബാധ്യതയില്ലാതെ ഭരണനിർവ്വഹണത്തിന് അത്യാവശ്യമുള്ള താഴെ പറയുന്ന തസ്തികകളായി പുനർ വിന്യാസം ചെയ്യുന്നതിനും അതിന് സർക്കാരിന്റെ അംഗീകാരം നേടുന്നതിനായി കത്തയക്കുന്നതിനും തീരുമാനിച്ചു.

| | | |
|---|---|---|
| ഡെപ്യൂട്ടി രജിസ്ട്രാർ | – | 1 |
| സിസ്റ്റം അനലിസ്റ്റ് | – | 1 |

| | | |
|---|---|---|
| പ്രോഗ്രാമർ | - | 1 |
| ടെക്നീഷ്യൻ (Hardware & Networking) | - | 1 |
| സെക്ഷൻ ഓഫീസർ | - | 5 |
| ക്ലറിക്കൽ അസിസ്റ്റന്റ് | - | 2 |

**Item No.5**

മുൻകൂർ തുക കൃത്യസമയത്ത് ക്രമീകരിക്കാതിരുന്നാൽ പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച് സർക്കാർ നൽകിയ വിശദീകരണം - സംബന്ധിച്ച്. (No. 00457/BILLB1/SSUS/2024(1))

മുൻകൂറുകൾ കൃത്യസമയത്ത് ക്രമീകരിക്കാത്തവർക്ക് 04-10-2011 ലെ GO(po)/419/11/Fin. നമ്പർ സർക്കാർ ഉത്തരവും 19-01-2024 ലെ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 2539241/വിദ്യ-സി/311/2023/ധന നമ്പർ കത്തും ചൂണ്ടിക്കാട്ടി അടിയന്തരമായി ക്രമീകരണ നടപടി സ്വീകരിക്കുന്നതിന് നോട്ടീസ് നൽകാനും നടപടി സ്വീകരിക്കാത്തവരുടെ ശമ്പളത്തിൽ നിന്നും ആറ് തുല്യ ഗഡുക്കളായി പിഴപ്പലിശയടക്കം ഈടാക്കുന്നതിനും തീരുമാനിച്ചു.

**Item No.6**

അസിസ്റ്റന്റ്, ശ്രീ. ഷാരോൺ കെ മീരാൻ -ന്റെ ആർജിതാവധി സറണ്ടർ അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്. (No. 00517/ADB1/SSUS/2024(1))

08.05.2024 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ശ്രീ. ഷാരോൺ കെ മീരാന് 2023-24 സാമ്പത്തിക വർഷത്തെ ലീവ് സറണ്ടർ ആനുകൂല്യം പ്രസ്തുത സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ നൽകാൻ കഴിയില്ല എന്നതിനാൽ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**Item No.7**

ശ്രീ. ഷാരോൺ കെ മീരാൻ, അസിസ്റ്റന്റ് തസ്തികയിലെ ആശ്രിത നിയമനം ക്രമപ്രകാരമല്ലാത്തതിനാൽ സർവകലാശാല സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്. (No. Ad.B/10496/SSUS/2013(SF) )

അടുത്ത സിൻഡിക്കേറ്റിലേക്ക് മാറ്റി വച്ചു.

**Item No.8**

ഹിസ്റ്ററി ഓഫ് ആർട്സ് ആൻഡ് എസ്തെറ്റിക്സ് (പെയിന്റിംഗ് വകുപ്പ്) അഡ്ജൻക്ട് ഫാക്കൽറ്റിയായി ശ്രീ. രാമചന്ദ്രൻ കെ. -യെ നിയമിക്കുന്നതിനുള്ള ടീച്ചർ-ഇൻ-ചാർജിന്റെ അപേക്ഷ സംബന്ധിച്ച്. (No. 00107/ADA2/SSUS/2024)

08.05.2024 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഹിസ്റ്ററി ഓഫ് ആർട്സ് ആൻഡ് എസ്തെറ്റിക്സ് (പെയിന്റിംഗ് വകുപ്പ്) അഡ്ജൻക്ട് ഫാക്കൽറ്റിയായി ശ്രീ. രാമചന്ദ്രൻ കെ. -യെ നിയമിക്കുന്നതിനുള്ള ടീച്ചർ-ഇൻ-ചാർജിന്റെ അപേക്ഷ പരിഗണിക്കാൻ തീരുമാനിച്ചു.

**Item No.9**

a) ശ്രീ. സതീഷ് കുമാർ കെ.എ.-യ്ക്കെതിരെയുള്ള അച്ചടക്കനടപടി - അന്വേഷണ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് തുടർ നടപടികൾ തീരുമാനിക്കുന്നത് - സംബന്ധിച്ച്. (No. Ad.A1/2932/SSUS/2019)

08.05.2024 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് അന്വേഷണ കമ്മറ്റി സമർപ്പിച്ച 08.04.2024 ലെ അന്തിമ റിപ്പോർട്ട് കമ്മറ്റി വിശദമായി പരിശോധിച്ച ശേഷം ശ്രീ. സതീഷ് കുമാർ കെ.എ കുറ്റക്കാരനെന്നുള്ള റിപ്പോർട്ടിലെ കണ്ടെത്തലുകൾ അംഗീകരിക്കുവാൻ ശിപാർശ

ചെയ്തു. മേൽ വിവരിച്ച റിപ്പോർട്ടിന്റെ പകർപ്പ് ശ്രീ. സതീഷ് കുമാർ കെ.എ യ്ക്ക് അയച്ച് നൽകി കണ്ടെത്തലുകൾ സംബന്ധിച്ച് ടിയാന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ സമർപ്പിക്കുവാൻ 15 ദിവസത്തെ സമയം നൽകിയ ശേഷം അക്കാര്യം പരിഗണിക്കുന്നതിനും തീരുമാനിച്ചു.

b) ശ്രീ. സതീഷ് കുമാർ കെ.എ. - അച്ചടക്കനടപടി - സംബന്ധിച്ച്. (No. Ad.A1/2932/SSUS/2019)

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP©12988/24 നമ്പർ കേസിലെ 12.04.2024 തീയതിയിലെ ഉത്തരവ് പ്രകാരം ശ്രീ.സതീഷ് കുമാർ കെ എ, ലക്ചറർ (നോൺ-യുജിസി), പെയിന്റിംഗ് വിഭാഗം, സമർപ്പിച്ച 15.04.2024 തീയതിയിലെ മറുപടിയിലും സിൻഡിക്കേറ്റ് മുൻപാകെ ഹിയറിങ് അവസരത്തിലും ടിയാനെതിരെ അച്ചടക്കനടപടി കൈകൊള്ളുന്നതിലെ നിയമ വ്യവസ്ഥകളും, എൻസിസി ചുമതല ഒഴിവാക്കിയ സർവകലാശാല ഉത്തരവുകളും അക്കാര്യങ്ങൾക്കായുള്ള സർവകലാശാലയുടെ നടപടികളും അധികാരങ്ങളും ചോദ്യം ചെയ്തു കൊണ്ടുള്ളതും ആണ്. തന്റെ നിരപരാധിത്വം ആവർത്തിച്ചും അച്ചടക്ക നടപടിയും, അന്വേഷണ റിപ്പോർട്ടും, തെളിവുകളും തെറ്റാണെന്നുമാണ് ടിയാൻ ഉന്നയിച്ചിട്ടുള്ളത്. ഇക്കാര്യങ്ങൾ സംബന്ധിച്ച് ഓരോ ആക്ഷേപവും പരിശോധിച്ച് റെക്കോർഡുകളും തെളിവുകളും പ്രകാരമുള്ള തീരുമാനം താഴെ വിവരിക്കുന്നു.

- ശ്രീ സതീഷ്കുമാർ കെ എയെ എൻസിസി ചുമതലകളിൽനിന്നും ഒഴിവാക്കിയിട്ടില്ല എന്ന് ആദ്യമായി ആക്ഷേപിച്ച കാര്യം നിലനിൽക്കുന്നതല്ല. ശ്രീ സതീഷ്കുമാർ കെ എയെ എൻ സി സി ചുമതലകളിൽ നിന്നും ഒഴിവാക്കുന്ന 27.03.2014 തീയതിയിലെ ഉത്തരവിൽ 3 മാസത്തേക്ക് ഒഴിവാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. തുടർന്ന് ടിയാൻ എൻസിസി ചുമതലകൾ ഒഴിയുവാൻ കൂട്ടാക്കാത്തതിനെത്തുടർന്ന് സർവകലാശാലയിലെ എൻ സി സി പ്രവർത്തനങ്ങളെ സസ്പെൻഡ് ചെയ്തതായി എൻ സി സി തീരുമാനിച്ച സാഹചര്യത്തിൽ

ഇക്കാര്യങ്ങളിൽ ശ്രീ സതീഷ്കുമാർ കെ എയുടെ കൃത്യനിർവഹണങ്ങളിലെ വീഴ്ച്ചയും അച്ചടക്കലംഘനങ്ങളും കണക്കിലെടുത്ത് 22.07.2014 തീയതിയിലെ സർവകലാശാല ഉത്തരവ് പ്രകാരം ടിയാനെ സർവീസിൽ നിന്ന് അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെൻഡ് ചെയ്തിട്ടുള്ളതാണ് . പ്രസ്തുത 22.07.2014 തീയതിയിലെ ഉത്തരവ് പ്രകാരം തന്നെ ശ്രീ. സതീഷ്കുമാർ കെ എയെ എൻസിസി യുടെ യാതൊരു പ്രവർത്തനങ്ങളും ചെയ്യരുതെന്നും, എൻസിസി പരേഡ്, എൻറോൾമെൻറ് എന്നിവ നടത്തരുതെന്നും ഔദ്യോഗിക പദവി ഉപയോഗിക്കരുതെന്നും സ്ഥിരമായി വിലക്കി എൻസിസി ചുമതലകളിൽ നിന്നും സ്ഥിരമായി മാറ്റിയതായി തീരുമാനിച്ച് ടിയാനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ടിയാൻ ക്യാമ്പസ്സിൽ പ്രവേശിക്കുന്നതിനും വിലക്കിയിട്ടുണ്ട്. ഇതിനെ തുടർന്നുള്ള ശിക്ഷാ നടപടികൾ അന്തിമമാക്കിയ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WA 2164 / 2017 കേസിലെ വിധിപ്രകാരം " ..it was sufficient that he was divested of the charges that was given to him .." എന്ന് എൻസിസി ചുമതലകൾ ഒഴിവാക്കിയത് സംബന്ധിച്ച് വിലയിരുത്തിയാണ് വിധി പ്രസ്താവിച്ചിട്ടുള്ളത്. ശ്രീ സതീഷ്കുമാർ കെ എ തന്നെ ഫയൽ ചെയ്തിട്ടുള്ള WP (C) 18524/2018 കേസ് പ്രകാരം ടിയാനെ എൻസിസി ചുമതലകളിൽ നിന്നും ഒഴിവാക്കിയ 27.03.2014 തീയതിയിലെ ഉൾപ്പെടെയുള്ള തീരുമാനങ്ങളെ ചോദ്യം ചെയ്ത് കൊണ്ടുള്ളതാണ്. പ്രസ്തുത കേസിലെ 23.10.2020 ലെ വിധി പ്രകാരവും ടിയാനെ എൻ സി സി ചുമതലകളിൽ നിന്ന് ഒഴിവാക്കിയ നടപടികൾ അംഗീകരിച്ച് ഹർജി തീർപ്പാക്കിയിട്ടുള്ളതാണ്. അതിനാൽ എൻസിസി ചുമതലകളിൽ നിന്നും ടിയാനെ ഒഴിവാക്കിയ നടപടികൾ അന്തിമവും അവിതർക്കിതവും ആണ്. ശ്രീ. സതീഷ് കുമാർ കെ. എ എൻസിസി ചുമതലകൾ ഇല്ലാതെ അനധികൃതമായി എൻസിസി പദവികൾ ഉപയോഗിക്കുന്നത് തടയുന്നതിനും അച്ചടക്കനടപടികളും നിർദേശിച്ച് എൻസിസി നേരിട്ട് 01.11.19, 09.03.20, 18.06.20 തിയ്യതിയിലെ കത്തുകൾ പ്രകാരം സർവകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാൽ ശ്രീ സതീഷ്കുമാർ

കെ എയെ എൻസിസി ചുമതലകളിൽ നിന്നും ഒഴിവാക്കിയിട്ടില്ലെന്ന വാദമുഖങ്ങൾ അടിസ്ഥാനരഹിതവും അസ്വീകാര്യവുമാണ്.

- ശ്രീ.സതീഷ്കുമാർ കെ എയെ എൻസിസി ചുമതലകളിൽ നിന്ന് ഒഴിവാക്കിയ 27.03.2014, 22.07.2014, 22.09.2014 തീയതികളിൽ വൈസ് ചാൻസലറുടെ ഉത്തരവുകൾ പ്രകാരം രജിസ്ട്രാർ ചുമതലയുള്ള ഡോ. എൻ പ്രശാന്തകുമാർ, ഡോ. രവീന്ദ്രൻ ടി പി എന്നിവരുടെ നടപടികൾ ഇഷ്യൂ ചെയ്തിട്ടുള്ളത് രജിസ്ട്രാറുടെ ഒപ്പിന് sd/- രേഖപ്പെടുത്തിയും ബന്ധപ്പെട്ട സെക്ഷന്റെ ചുമതല വഹിച്ചിട്ടുള്ള സെക്ഷൻ ഓഫീസർ ഒപ്പിട്ട് ആധികാരികപ്പെടുത്തിയും നൽകിയാണ് പ്രാബല്യത്തിൽ ആക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ രജിസ്ട്രാർ നേരിട്ട് ഒപ്പിട്ട് സെക്ഷൻ മുഖാന്തിരം പ്രാബല്യത്തിൽ ആക്കുന്നതിന് അനുവദിച്ച ഉത്തരവുകൾ ഫയൽ റെക്കോർഡിൽ ലഭ്യമാണ്. അതിനാൽ മേൽ വിവരിച്ച ഉത്തരവുകളിൽ രജിസ്ട്രാർ ഒപ്പിട്ടില്ല എന്നും, അവ തെളിവായി സ്വീകാര്യവുമല്ല എന്നുമുള്ള ശ്രീ.സതീഷ്കുമാർ കെ എയുടെ ആക്ഷേപങ്ങൾ അടിസ്ഥാനരഹിതവും അവാസ്തവവുമാണ്.
- എൻസിസി ചുമതലകൾ ഇല്ലാതെ അപ്രകാരം ചുമതല ഉണ്ടെന്ന വിധത്തിൽ 20.07.18 തീയതിയിൽ എൻസിസിയ്ക്ക് കത്ത് അയച്ചതിനെതിരെ സർവകലാശാല ആദ്യ മൂന്ന് മെമ്മോകൾ 19.09.18, 27.02.19, 05.05.20 തീയതികളിൽ നൽകിയിരുന്നു. ഇവ പരിഗണനയിലിരിക്കെയാണ് 23.08.21, 24.08.21, 28.08.21 തീയതികളിൽ മൂന്ന് കത്തുകൾ ക്യാപ്റ്റൻ സതീഷ് കുമാർ എന്ന് രേഖപ്പെടുത്തി എൻസിസി ചുമതലകൾ ഉണ്ടെന്ന രേഖപ്പെടുത്തി 2021-2022 വർഷത്തെ എൻറോൾമെന്റും പരേഡുകളും നിശ്ചയിച്ച എൻസിസി ക്ക് കത്ത് അയച്ചു. ഈ സാഹചര്യത്തിൽ 2021 ലെ തെറ്റായ നടപടികൾക്കെതിരെയുള്ള അച്ചടക്കനടപടി മാത്രമാണ് ഇപ്പോൾ കൈക്കൊള്ളുന്നത്. അതിനാൽ മേൽ വിവരിച്ച വ്യത്യസ്ത സാഹചര്യങ്ങളിലെ മെമ്മോകൾ സംബന്ധിച്ച ശ്രീ. സതീഷ് കുമാർ കെ എയുടെ ആക്ഷേപം അടിസ്ഥാനരഹിതമാണ്.

- ശ്രീ സതീഷ്കുമാർ കെ എ അന്വേഷണ കമ്മറ്റി മുൻപാകെ 23.03.2023, 31.03.2023 തീയതിയിൽ നേരിട്ട് ഹാജരാകുന്നതിന് നൽകിയ അവസരം ഹാജരാകാതെ സ്വയം നിരസിച്ചിട്ടുള്ളതാണ്. അതിനാൽ ടിയാന്റെ ഭാഗം കേൾക്കാൻ അവസരം ലഭിച്ചില്ലെന്നത് അടിസ്ഥാനരഹിതവും അവാസ്തവവുമാണ് .
- ശ്രീ സതീഷ്കുമാർ കെ എ യ്ക്കെതിരായുള്ള അന്വേഷണ നടപടിക്ക് 14.02.2022 തീയതിയിലെ ഉത്തരവ് പ്രകാരം അന്വേഷണ കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളതിനാൽ അന്വേഷണവുമായി ബന്ധപ്പെട്ട ഭരണ വിഭാഗത്തിന്റെയും നിയമ വിഭാഗത്തിന്റെയും മുഴവൻ ഫയൽ രേഖകളും അന്വേഷണ കമ്മറ്റിയുടെ മുൻപാകെ രജിസ്ട്രാർ ലഭ്യമാക്കിയിട്ടുള്ളതാണ്. അതിനാൽ അന്വേഷണ കമ്മറ്റി ഫയൽ റെക്കോർഡുകൾ നേരിട്ട് പരിശോധിച്ചും ശേഖരിച്ചും ആണ് അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട പ്രസക്തമായ രേഖകളും തെളിവുകളും ഉൾപ്പെടുത്തി യിട്ടുള്ളത്. ഇത് സംബന്ധിച്ച രേഖകളും തെളിവുകളും ഫയൽ റെക്കോർഡുകൾ പ്രകാരം സുവ്യക്തവും, സുതാര്യവും, അന്തിമവുമാണ്. അതിനാൽ പ്രസ്തുത രേഖകൾ അന്വേഷണ കമ്മറ്റിക്ക് ലഭ്യമാക്കിയ നടപടികൾ സംബന്ധിച്ചും അവയുടെ ആധികാരികത സംബന്ധിച്ചും, തെളിവായി സ്വീകരിക്കാനാവില്ലെന്നും ഉള്ള ശ്രീ സതീഷ്കുമാർ കെ എയുടെ ആക്ഷേപം അടിസ്ഥാന രഹിതവും നിയമപ്രകാരം നിലനിൽക്കാത്തതുമാണ്.

ഇക്കാര്യങ്ങൾ സിൻഡിക്കേറ്റ് വിശദമായി പരിശോധിക്കുകയും, അച്ചടക്ക നടപടിയുടെ ഭാഗമായി വിലയിരുത്തി, ടിയാനെ NCC ചുമതലകളിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതും കുറ്റാരോപണ മെമ്മോ പ്രകാരം കുറ്റക്കാരനാണെന്ന് വ്യക്തമായ തെളിവുകളോടെ സ്ഥാപിച്ചിട്ടുമുള്ള കണ്ടെത്തലുകൾ നിലനിൽക്കു ന്നുണ്ടെന്നും അവക്കെതിരെ ഉന്നയിച്ച വാദമുഖങ്ങൾ സ്വീകാര്യ മല്ലെന്നതും ബോധ്യപ്പെട്ടിട്ടുള്ളതാണ്. അതിനാൽ ശ്രീ. സതീഷ് കുമാർ കെ എ ഉന്നയിച്ച 15.04.2024 തിയ്യതിയിലെ മറുപടിയും ഹിയറിങ്ങിൽ ഉന്നയിച്ച കാര്യങ്ങളും

വസ്തുതകൾക്കും സർവകലാശാല നിയമങ്ങൾക്കും നിരക്കാത്തതും അസ്വീകാര്യവും ആണ് എന്ന് വിലയിരുത്തി 12.03.2024 തിയ്യതിയിലെ (215th സിൻഡിക്കേറ്റിന്റെ അഡിഷണൽ അജണ്ട ഇനം 8) പ്രകാരം ഉള്ള ശിക്ഷ നടപടി ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കുന്നതിന് സിൻഡിക്കേറ്റ് തീരുമാനിച്ചു.

12.04.2024 തിയ്യതിയിലെ WP©12988/24 നമ്പർ കേസിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം മേൽ വിവരിച്ച തീരുമാനം കൈകൊണ്ട നടപ്പിലാക്കാനും തീരുമാനിച്ചു.

**Item No.10**

സംസ്കൃതം ന്യായം വകുപ്പിലെ അഡ്ജൻക്ട് ഫാക്കൽറ്റി ഡോ. രാമകൃഷ്ണ ഭട്ട് - ന്റെ കാലയളവ് ദീർഘിപ്പിക്കുന്നതിന് ടീച്ചർ - ഇൻ- ചാർജിന്റെ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്. (No 01145/ADA2/SSUS/2024)

08.05.2024 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സംസ്കൃതം ന്യായം വകുപ്പിലെ അഡ്ജൻക്ട് ഫാക്കൽറ്റി ഡോ. രാമകൃഷ്ണ ഭട്ട് - ന്റെ കാലയളവ് ദീർഘിപ്പിക്കുന്നതിന് ടീച്ചർ - ഇൻ- ചാർജിന്റെ സമർപ്പിച്ച അപേക്ഷ പരിഗണിക്കേണ്ടതില്ലെന്നും, അഡ്ജൻക്ട് ഫാക്കൽറ്റി നിയമനം സംബന്ധിച്ച Criteria വിശദമായി പഠിക്കുന്നതിനും പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഡോ. ടോമി ജോസഫ് (കൺവീനർ), പ്രൊഫ. ഡി. സലിംകുമാർ, ഡോ. പി.വി. രാമൻകുട്ടി എന്നിവരടങ്ങിയ സിൻഡിക്കേറ്റ് ഉപസമിതിയെ നിയോഗിക്കുന്നതിനും തീരുമാനിച്ചു.

**Item No.11**

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദു വകുപ്പ് പ്രൊഫസർ ഡോ. കെ.സി. അതാവുള്ളഖാൻ സമർപ്പിച്ച മറുപടിയന്മേൽ തുടർ തീരുമാനം കൈക്കൊള്ളുന്നത് - സംബന്ധിച്ച്. (No. Ad.A3/17291/SSUS/2022)

സർവകലാശാല ഉറുദു വിഭാഗം പ്രൊഫസർ ഡോ. അതാവുള്ളഖാന് എതിരെ കുറ്റാരോപണ മെമ്മോയിൽ അന്വേഷണ കമ്മറ്റി സമർപ്പിച്ച 20.11.2023 തീയതിയിലെ അന്വേഷണ റിപ്പോർട്ടിലെ ടിയാൻ കുറ്റക്കാരനെന്ന് കണ്ടെത്തിയ കാര്യങ്ങൾക്ക് 12/02/24 തീയതിയിലെ 01/24 (214)മത് സിൻഡിക്കേറ്റ് അഡിഷണൽ അജണ്ട ഇനം നമ്പർ 3 പ്രകാരം ശിക്ഷാ നടപടികൾ നിർദേശിച്ചിരുന്നതാണ്. പ്രസ്തുത ശിക്ഷാ നടപടികൾ സംബന്ധിച്ച് ഡോ.അതാവുള്ളഖാന് ബോധിപ്പിക്കുവാനുള്ള കാര്യങ്ങൾക്ക് നൽകിയ അവസരപ്രകാരം ഡോ.അതാവുള്ളഖാൻറെ 06.03.2024 തീയതിയിലെ മറുപടി സർവകലാശാല കൈക്കൊണ്ട അച്ചടക്കനടപടിക്കും അന്വേഷണ റിപ്പോർട്ടിനും എതിരായി സമർപ്പിച്ചിട്ടുള്ളതും, ടിയാൻ നിരപരാധിയാണെന്നും അച്ചടക്ക ശിക്ഷാ നടപടികൾ പിൻവലിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുള്ളതാണ് .

മേൽ വിവരിച്ചതു പ്രകാരം ഡോ. അതാവുള്ള ഖാൻ സമർപ്പിച്ച 06.03.2024 തീയതിയിലെ മറുപടി, 20.11.2023 തീയതിയിലെ അന്വേഷണ റിപ്പോർട്ട് എന്നിവ സിൻഡിക്കേറ്റ് പരിശോധിച്ച് വിലയിരുത്തുകയും അന്വേഷണ റിപ്പോർട്ട് പ്രകാരം ഡോ. കെ സി അതാവുള്ളഖാന്റെ കൃത്യനിർവഹണത്തിലെ വീഴ്ച്ചകൾക്കും, അക്കാദമിക കാര്യങ്ങളിലെ നിസ്സഹകരണത്തിനും പ്രൊഫഷണൽ തത്വങ്ങളുടെ ലംഘനങ്ങൾക്കും റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഗുരുതരവും സർവകലാശാല യുടെ അക്കാദമിക പ്രവർത്തനങ്ങളെ ദുർബലമാക്കുന്നതും, പ്രതികൂലമായി ബാധിക്കുന്നതാണെന്നും തെളിയിക്കപ്പെട്ടിട്ടുള്ളതും ശിക്ഷാർഹവുമാണ്. അതിനാൽ ഡോ. അതാവുള്ളഖാൻ സമർപ്പിച്ച കാര്യങ്ങൾ അസ്വീകാര്യവും അപ്രസക്തവും പരിഗണനാർഹവുമല്ല എന്ന് ബോധ്യപ്പെട്ടു. അവ അച്ചടക്ക നടപടി പുനഃ പരിശോധിക്കുന്നതിനോ ശിക്ഷാ നടപടി ഒഴിവാക്കുന്നതിനോ ഉതകുന്നില്ല. അതിനാൽ 12/02/24 തീയതിയിലെ 01/24 (214)മത് സിൻഡിക്കേറ്റ് അഡിഷണൽ അജണ്ട ഇനം നമ്പർ 3 പ്രകാരം കൈക്കൊണ്ട ശിക്ഷ നടപടി ഉചിതവും ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കുന്നതിനും സിൻഡിക്കേറ്റ് തീരുമാനിച്ചു.

പ്രസ്തുത ശിക്ഷ നടപടി പ്രകാരം ഡോ. അതാവുള്ളഖാൻ പ്രവർത്തിച്ചിരുന്ന ഉറുദു വിഭാഗം പ്രൊഫസർ തസ്തികയിൽ നിന്നും അസ്സോസിയേറ്റ് പ്രൊഫസർ

തസ്തികയിലേക്ക് ഉടൻ പ്രാബല്യത്തിൽ സ്ഥാനയിറക്കം ശിക്ഷയായി നൽകി ടിയാൻ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ തുടരുമായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളം നിജപ്പെടുത്തി നൽകുന്നതിന് തീരുമാനിച്ചു. ഡോ. അതാവുള്ളഖാൻ സസ്പെൻഷനിൽ തുടർന്ന കാലയളവിലെ ശമ്പളത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ഈ കാലയളവിലെ ഉപജീവന ബത്തക്കും, ശമ്പള അരിയർ ഒഴികെയുള്ള സർവീസ് ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. ഈ ഉത്തരവ് പ്രകാരം അച്ചടക്ക നടപടികൾ പൂർത്തീകരിച്ചും സസ്പെൻഷൻ പിൻവലിച്ചും ടിയാനെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു അനുവദിക്കുന്നതാണ്.

## Item No.12

ഭരതനാട്യം വകുപ്പ് വിദ്യാർത്ഥികൾ വിദ്യാഭ്യാസ മന്ത്രിയ്ക്കും UGC യ്ക്കും സമർപ്പിച്ച പരാതി - ടീച്ചർ-ഇൻ-ചാർജായ ശ്രീമതി. സിന്ധു എസ്. - ൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടും, കുറ്റാരോപണ മെമ്മോ നൽകിയിട്ടും മറുപടി സമർപ്പിക്കാത്തത് - സംബന്ധിച്ച്. (No. 00528/ADA1/SSUS/2022)

08.05.2024 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഭരതനാട്യം വിഭാഗത്തിലെ വിദ്യാർത്ഥികൾ സംസ്ഥാന വിദ്യാഭ്യാസ മന്ത്രിയ്ക്കും യുജിസി യ്ക്കും സമർപ്പിച്ച 22.08.2022 തീയതിയിലെ പരാതി സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും നേരിട്ട് തെളിവെടുപ്പ് നടത്താൻ ഡോ. ബിച്ചു. എക്സ്. മലയിൽ (കൺവീനർ), പ്രൊഫ. എസ്. മോഹൻദാസ്, ഡോ. ടോമി ജോസഫ് എന്നിവരടങ്ങിയ കമ്മറ്റിയെ നിയോഗിക്കാൻ തീരുമാനിച്ചു.

## Item No.13

കാലടി മുഖ്യകേന്ദ്രം ഹിന്ദി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. അച്യുത് നന്ദ മിശ്ര-യുടെ ഇന്ദ്രപ്രസ്ഥ കോളേജ് ഫോർ വുമൺ, ന്യൂഡൽഹിയിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അഡ്ഹോക് സേവന കാലയളവ് 2018 യുജിസി

റെഗുലേഷൻ പ്രകാരം CAS പ്ലെയ്സ്മെന്റിന് കണക്കാക്കാമോ എന്ന് തീരുമാനിക്കുന്നത് സംബന്ധിച്ച്. (No. Ad.A3/4234/SSUS/2023)

ഈ വിഷയത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചു.

**Item No.14**

കരാറടിസ്ഥാനത്തിലുള്ള അക്കൗണ്ട്സ് അസിസ്റ്റന്റിന്റെ വേതനം വർദ്ധിപ്പിക്കണമെന്ന അപേക്ഷ സംബന്ധിച്ച്.(No. 03233/ADB3/SSUS/2023)

08.05.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അക്കൗണ്ട്സ് അസിസ്റ്റന്റ് ശ്രീമതി. ഷൈജി കെ.എം ന് പ്രതിമാസ വേതനം 25000/- രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു.

**Item No.15**

ഫൈൻ ആർട്സ് വകുപ്പുകൾക്ക് പ്രത്യേകമായ ഫാക്കൽറ്റി (Faculty of Visual and Performing Arts) അനുവദിക്കുന്നതിനും ഫൈൻ ആർട്സ് വകുപ്പുകൾ ഓഫർ ചെയ്യുന്ന പ്രോഗ്രാമുകളുടെ പേരുകൾക്ക് മാറ്റം വരുത്തുന്നതും - സംബന്ധിച്ച്. (No. 01045/ACDB1/SSUS/2024(1))

02.05.2024 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 08.05.2024 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് ഫൈൻ ആർട്സ് പെർഫോമിംഗ് പ്രോഗ്രാമുകൾക്ക് മാത്രമായി ഒരു ഫാക്കൽറ്റി (Faculty of Visual and Performing Arts) രൂപീകരിക്കുന്നതിനും ഫൈൻ ആർട്സ് വകുപ്പുകൾ ഓഫർ ചെയ്യുന്ന പ്രോഗ്രാമുകളുടെ പേരുകൾ താഴെ പറയുന്ന

രീതിയിൽ മാറ്റം വരുത്തുന്നതിനും തീരുമാനിച്ചു. ഇതിന് സർവകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചു.

1. B.A. Bharathanatyam – B.A Performing Arts ( Bharathanatyam)
2. B.A. Mohiniyattam – B.A Performing Arts ( Mohiniyattam)
3. B.A. Music – B.A Performing Arts ( Music)
4. BFA Painting – Bachelor of Visual Arts in Painting (BVA in Painting)
5. BFA Sculpture – Bachelor of Visual Arts in Sculpture (BVA in Sculpture)
6. BFA Mural Painting – Bachelor of Visual Arts in Mural Painting (BVA in Mural Painting)
7. B.A Theatre – B.A Performing Arts (Theatre)

## Item No.16

FYUG പ്രോഗ്രാമിന് Credit based fee structure ബാധകമാക്കുന്നത് സംബന്ധിച്ച്. (01299/ACDC2/SSUS/2024(1))

02.05.2024 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 08.05.2024 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് FYUG പ്രോഗ്രാമിന് നിലവിലെ സെമസ്റ്റർ അടിസ്ഥാനമാക്കിയുള്ള ഫീ ഘടന പിന്തുടരാവുന്നതാണെന്നും, പ്രവേശനം നേടുന്ന പ്രോഗ്രാമിന് പുറമെ മറ്റ് ക്രെഡിറ്റ് കോഴ്സുകൾക്ക് ചേരുന്ന വിദ്യാർത്ഥികളിൽ നിന്നും ഒരു ക്രെഡിറ്റ് കോഴ്സിന് 100/- രൂപ (Theory Only), 200/- രൂപ (Theory & Practicals) എന്ന രീതിയിൽ ഫീസ് ഈടാക്കാനും തീരുമാനിച്ചു. കൂടാതെ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്, പ്രൊജക്ട് എന്നിവയ്ക്ക് സർവ്വകലാശാലയിൽ നിന്നും ധനസഹായം അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

**Item No.17**

വിവിധ പ്രോഗ്രാമുകളുടെ ഫീ പരിഷ്കരണം സംബന്ധിച്ച്. [No. 02442/ACDC2/SSUS/2023(1)]

08.05.2024 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതി ശിപാർശ ചെയ്ത, വിവിധ പ്രോഗ്രാമുകളുടെ അനുബന്ധമായി ചേർത്തിരിക്കുന്ന പരിഷ്കരിച്ച ഫീസ് ഘടന നടപ്പിലാക്കാൻ തീരുമാനിച്ചു. ഗവൺമെന്റ് ഉത്തരവ് പ്രകാരം എല്ലാ വർഷവും 5% ഫീസ് വർദ്ധനവ് നടപ്പിലാക്കാനും തീരുമാനിച്ചു. കൂടാതെ സർവകലാശാലയിൽ ഇന്റേൺഷിപ്പിന് വരുന്നവരിൽ നിന്നും പ്രത്യേക ഫീസ് ഈടാക്കാനും തീരുമാനിച്ചു.

**Item No.18**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ഓഡിറ്റ് റിപ്പോർട്ട് 2019-20 സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. I.A/360/K.S.A.D/SSUS/2023)

റിപ്പോർട്ട് ശ്രദ്ധിച്ചു.

**Item No.19**

സർവകലാശാലാ പ്രസിദ്ധീകരണങ്ങൾ - നാല് പുസ്തകങ്ങൾ അച്ചടിക്കുന്നത് - സംബന്ധിച്ച്. (No. 00943/PUB1/SSUS/2024(1))

പബ്ലിക്കേഷൻ കമ്മറ്റിയുടെ അംഗീകാരത്തോടെ യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിക്കാൻ തീരുമാനിച്ചു.

**Item No.20**

സർവകലാശാല ഓഡിറ്റോറിയ നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് പിഴയില്ലാതെ ദീർഘിപ്പിക്കണമെന്ന നിർമ്മിതി കേന്ദ്രയുടെ അപേക്ഷയിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്. (No. Eng/851/SSUS/2015)

വിശദമായ പഠനത്തിനായി വർക്സ് & പർച്ചേസ് സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

# OUT OF AGENDA

## Item No. 1

നാല് വർഷ ബിരുദ പ്രോഗ്രാം ആരംഭിക്കുന്നത് - സംബന്ധിച്ച്.

നാല് വർഷ ബിരുദ പ്രോഗ്രാം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം തീരുമാനിച്ചു.

1. സെൻട്രലൈസ്ഡ് അലോട്ട്മെന്റ് നടത്തുക.
2. വൈസ് ചാൻസലർ, സിൻഡിക്കേറ്റ് മേൽനോട്ട സമിതി, ഡയറക്ടേറ്റ് അംഗങ്ങൾ എന്നിവർ അടിയന്തരമായി യോഗം ചേർന്ന് തുടർ നടപടികൾ കൈക്കൊള്ളുക.
3. FYUGP ഫീസ് ഘടന നിശ്ചയിക്കാൻ ഫിനാൻസ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തുക.
4. പുതിയ FYUGP യുടെ 8 സെമസ്റ്ററുകളുടെയും സിലബസുകൾ അടിയന്തരമായി തയ്യാറാക്കാൻ അതത് ബോർഡ് ഓഫ് സ്റ്റഡീസുകളെ ചുമതലപ്പെടുത്തുക.
5. BSW പ്രോഗ്രാമിന് ഓരോ സെന്ററിലും സീറ്റുകളുടെ എണ്ണം 40 ആയി നിജപ്പെടുത്തുക.

## Item No. 2

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ FYUGP (ഉർദു) ആരംഭിക്കുന്നത് - സംബന്ധിച്ച്.

2024-25 അധ്യയന വർഷത്തിൽ കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ FYUGP ഉർദു പ്രോഗ്രാം തുടങ്ങേണ്ടതില്ല എന്ന് തീരുമാനിച്ചു.

## Item No. 3

പബ്ലിക്കേഷൻ ഓഫീസർ, ഡി.എസ്.എസ്. എന്നീ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് മുൻ നിയമന വ്യവസ്ഥകൾ പ്രകാരം വില്ലിംഗ്നെസ്സ് ക്ഷണിക്കാൻ തീരുമാനിച്ചു. കൂടാതെ ഫിനാൻസ് ഓഫീസർ നിയമന പ്രക്രിയ പൂർത്തിയാക്കാനും രജിസ്ട്രാർ നിയമനത്തിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച വിഷയങ്ങൾ അടുത്ത സിൻഡിക്കേറ്റിൽ പരിഗണിക്കാനും തീരുമാനിച്ചു.

യോഗം 4.45 p.m ന് അവസാനിച്ചു.

| | |
|---|---|
| **ഒപ്പ്** | **ഒപ്പ്** |
| **പ്രൊഫസർ ഇൻ ചാർജ് ഓഫ് രജിസ്ട്രാർ** | **വൈസ് ചാൻസലർ** |